ലഭിക്കുന്നത്. ലക്ഷ്മീ– നാരായണനെ നോക്കൂ, എത്ര മധുരത ഉള്ളവരാണ്. അവരെപ്പോലെ മധുരമുള്ളവരായി മാറണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം

**ധാരണയ്ക്കുളള മുഖ്യമായ സാരം –**

1. ബാബയിലൂടെ ലഭിക്കുന്ന സുഖം, ശാന്തി, പവിത്രതയുടെ സമ്പത്ത് എല്ലാവർക്കും കൊടുക്കണം. ആദ്യം ദാനം നൽകി പവിത്രമായി മാറണം പിന്നീട് അവിനാശിയായ ജ്ഞാന ധനത്തിന്റെ ദാനം ചെയ്യണം.

2. ദേവതകളെ പ്പോലെ മധുരത ഉള്ളവരായി മാറണം. ബാപ്ദാദയോട് പ്രതിജ്ഞ ചെയ്ത് അത് സദാ ഓർമ്മയിൽ വെക്കുകയും, ബാബയുടെ ഓർമ്മയിൽ ഇരുന്ന് വികർമ്മങ്ങളെ വിനാശമാക്കുകയും വേണം.

## വരദാനം – സ്വയത്തെ പ്രതി, സർവ്വ ആത്മാക്കളെ പ്രതി നിയമത്തിലിരിക്കുന്നവരായ നിയമത്തെ നിർമ്മിക്കുന്നവരും പുതിയ ലോകത്തെ നിർമ്മിക്കുന്നവരുമായി ഭവിക്കട്ടെ.

ആരാണോ സ്വയത്തെ പ്രതി നിയമമുള്ളവരായി മാറുന്നത് അവർക്കാണ് മറ്റുള്ളവരേയും നിയമത്തിൽ നടത്താൻ കഴിയുന്നത്. ആരാണോ സ്വയം നിയമത്തെ തെറ്റിക്കുന്നത്, അവർക്ക് മറ്റുള്ളവരോട് നിയമം പറയാൻ കഴിയില്ല അതിനാൽ സ്വയം സ്വയത്തെ നോക്കണം അതായത് രാവിലെ മുതൽ രാത്രി വരെ മനസ്സാ സങ്കല്പത്തിലും, വാക്കിലും, കർമ്മത്തിലും , സംബർക്കത്തിൽ പരസ്പരം സഹയോഗം നൽകുന്നതിൽ അഥവാ സേവനത്തിൽ എവിടേയും നിയമം തെറ്റിക്കുന്നില്ലല്ലോ. നിയമത്തെ നിർമ്മിക്കുന്നവർക്ക് നിയമത്തെ തെറ്റിക്കാൻ കഴിയില്ല. ആരാണോ ഈ സമയത്ത് നിയമത്തെ സൃഷ്ടിക്കുന്നത് അവരാണ് ശാന്തി സ്ഥാപിക്കുന്നവരും പുതിയ വിശ്വത്തിന്റെ നിർമ്മാതാവുമായി മാറുന്നത്.

## സ്ലോഗൻ – കർമ്മം ചെയ്തുകൊണ്ടും കർമ്മത്തിന്റെ നല്ലതും മോശവുമായ പ്രഭാവത്തിലേക്ക് വരാതിരിക്കുന്നത് തന്നെയാണ് കർമ്മാതീത സ്ഥിതി.